പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 149

27.6.2011 ൽ
മറുപടിയ്ക്ക്

## കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എം.വി.ശ്രേയാംസ്കുമാർ : | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളുണ്ട് ; അവ ഏതൊക്കെയെന്ന് വിശദമാക്കുമോ ; | എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ 94 അംഗീകൃത റേഷൻ ഡിപ്പോകളും 2 അംഗീകൃത മൊത്ത വ്യാപാര ഡിപ്പോകളും ഉണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 6 മാവേലി സ്റ്റോറുകൾ (കമ്പളക്കാട്, കാവുംമന്ദം, മേപ്പാടി, പടിഞ്ഞാറത്തറ, സുഗന്ധഗിരി, മുട്ടിൽ) 2 സൂപ്പർ മാർക്കറ്റുകൾ (കൽപ്പറ്റ, വൈത്തിരി) 2 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവയും പ്രവർത്തിക്കുന്നു. |
| ബി) | ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയവ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | ബി) 2 അംഗീകൃത റേഷൻ ഡിപ്പോകൾ തുടങ്ങിയിട്ടുണ്ട്. (എ.ആർ.ഡി 97, 98) വൈത്തിരി മാവേലി സ്റ്റോർ 2.5.2009 ൽ ആണ് സൂപ്പർ മാർക്കറ്റാക്കി മാറ്റിയത്. |
| സി) | പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | സി) മാനിക്കുനി, മേപ്പാടി, കൂട്ടമംഗലം, മുണ്ടേരി എന്നീ സ്ഥലങ്ങളിൽ പുതുതായി റേഷൻ ഡിപ്പോ തുടങ്ങണമെന്ന് ആവശ്യപ്പെട്ട് 4 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ആയത് അന്വേഷണത്തിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോട്ടത്തറ, പൊഴുതന, വേങ്ങാപ്പള്ളി, മുപ്പൈയ്നാട് എന്നീ സ്ഥലങ്ങളിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. അതിൽ കോട്ടത്തറ, പൊഴുതന എന്നീ നിവേദനങ്ങൾക്ക് പഞ്ചായത്ത് അധികൃതരുടെ പ്രമേയം ലഭിച്ചിട്ടുണ്ട്. എങ്കിലും അനുയോജ്യമായ കെട്ടിടം ലഭ്യമായിട്ടില്ല. വേങ്ങാപ്പള്ളി, മുപ്പൈയ്നാട് എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ